# രക്ഷയുടെ പാതയിൽ




## ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 6



# ക്രിസ്തീയ മനഃസാക്ഷി

1. മനഃസാക്ഷി - ആന്തരിക സ്വരം
2. മനഃസാക്ഷിയുടെ പ്രാധാന്യം
3. വിവിധതരം മനഃസാക്ഷികൾ
4. ഉത്തമമനഃസാക്ഷി രൂപീകരണത്തിന്റെ ആവശ്യകത
5. മനഃസാക്ഷി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
6. ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിന് മാർഗ്ഗദർശകമായ ഘടകങ്ങൾ

# ക്രിസ്തീയ മനഃസാക്ഷി

ക്രിസ്തീയ മനഃസാക്ഷി

വി. തോമസ് മൂർ: മനസ്സാക്ഷിയനുസരിച്ചുള്ള ജീവിതത്തിന് മാതൃക



## മനഃസാക്ഷി ആന്തരിക സ്വരം

- നന്മയും തിന്മയും തമ്മിൽ വിവേചിച്ചറിയാൻ സഹായിക്കുകയും നന്മയുടെ പ്രചോദനങ്ങൾക്കൊത്തു ചരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്ന ആന്തരികാഹ്വാനം അഥവാ സ്വരമാണ് മനഃസാക്ഷി.

# മനഃസാക്ഷിയുടെ പ്രാധാന്യം

- മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വന്തം മനഃസാക്ഷി മുഖേന യാണ് അവൻ ദൈവിക നിയമങ്ങളനുസരിച്ചുള്ള കടമകൾ കണ്ട റിഞ്ഞ് അംഗീകരിക്കുന്നുണ്ട്. എല്ലാ കാര്യങ്ങളിലും ഈ മനഃസാ ക്ഷിയെ അനുസരിക്കാൻ മനുഷ്യന് കടമയുണ്ട്.

ക്രൈസ്തവീയ മനഃസാക്ഷി

# വിവിധതരം മനഃസാക്ഷികൾ

❖ മനഃസാക്ഷിയെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പലതായി തിരിക്കാം. അവയിൽപ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. **പാപകരമായ മനഃസാക്ഷി :** താൻ ചെയ്യുന്നത് തെറ്റാണെന്നറിഞ്ഞിട്ടും അതു ചെയ്യുന്നവന്റെ മനഃസാക്ഷി പാപകമായ മനഃസാക്ഷിയാണ്.
2. **ചഞ്ചലമനഃസാക്ഷി:** തെറ്റേത്, ശരിയേത് എന്ന് നിശ്ചയിക്കാനാവാതെ എപ്പോഴും തീരുമാനം മാറ്റിക്കൊണ്ടിരിക്കുന്നവരുടേത് ചഞ്ചല മനഃസാക്ഷിയാണ്.

ക്രിസ്തീയ മനഃസാക്ഷി

3. സംശയമനഃസാക്ഷി: പാപമില്ലാത്തിടത്തും പാപമുണ്ടെന്നു കരുതി പ്രവർത്തിക്കുകയും നിസ്സാരതെറ്റുകൾ പോലും വലിയ കുറ്റങ്ങളായി കാണുകയും ചെയ്യുന്നവർ സംശയ മനഃസാക്ഷിയുടെ ഉടമകളാണ്.

4. ലാഘവ മനഃസാക്ഷി: വലിയ തെറ്റുകളെ നിസ്സാരമായി കാണുകയും ചെറിയ തെറ്റുകളെ തെറ്റുകളല്ലെന്ന് കരുതുകയും ചെയ്യുന്ന മനസ്സാക്ഷിയാണ് ലാഘവ മനഃസാക്ഷി.

ക്രിസ്തീയ മനഃസാക്ഷി

5. ഉത്തമ മനഃസാക്ഷി: മേൽപ്പറഞ്ഞവയിൽ നിന്നെല്ലാം വ്യത്യസ്തമായി, എല്ലാ കാര്യങ്ങളിലും വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾക്കനുസരിച്ചു തീരുമാനങ്ങളെടുക്കാനും ആ തീരുമാനങ്ങൾ അതിന്റെ പൂർണ്ണതയിൽ നിറവേറ്റാനും നമ്മെ സഹായിക്കുന്ന മനഃസാക്ഷിയാണ് ഉത്തമ മനഃസാക്ഷി.

## ഉത്തമ മനഃസാക്ഷി രൂപീകരണത്തിന്റെ ആവശ്യകത

- നന്മയെ സ്നേഹിക്കുമ്പോഴും തന്റെ പ്രകൃതിയിലുള്ള പാപത്തിന്റെ സ്വാധീനംമൂലം തിന്മ ചെയ്യുവാൻ പ്രേരിതനാകുന്നവനാണ് മനുഷ്യൻ.
- മനഃസാക്ഷി ജന്മസിദ്ധമാണെങ്കിലും ഉത്തമ മനഃസാക്ഷി രൂപീകരിക്കപ്പെടേണ്ട ഒന്നാണ്.
- നന്മയ്ക്ക് അനുകൂലമായ തീരുമാനങ്ങളെടുക്കാൻ മനസ്സിന് ശിക്ഷണം നൽകുകയെന്നത് ഉത്തമ മന:സാക്ഷി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്.

ക്രൈസ്തവീയ മന:സാക്ഷി

ക്രൈസ്തവീയ മനഃസാക്ഷി

- തിന്മയുടെ വഴിയിൽ ജീവിക്കുന്നയാളുടെ മനഃസാക്ഷി കാലക്രമേണ വികലമായിത്തീരും.
- യഥാർത്ഥമായ മനഃസാക്ഷി രൂപീകരണം നിരന്തരമായ ഒരു തിരുത്തൽ പ്രക്രിയ കൂടിയാണ്.

ക്രൈസ്തവ മനഃസാക്ഷി

## മനഃസാക്ഷി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഉത്തമ മനഃസാക്ഷി രൂപീകരണത്തിന് ചിലകാര്യങ്ങൾ നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. അവയിൽ പ്രധാനപ്പെട്ടത് താഴെപ്പറയുന്നവയാണ് .

1. നന്മതിനകളെക്കുറിച്ച് അറിവു നേടണം

- നന്മ തിന്മകളെക്കുറിച്ചുള്ള അറിവ് നേടുകയാണ് മനഃസാക്ഷി രൂപീകരണത്തിലെ പ്രഥമനടപടി.
- ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം എല്ലാ മൂല്യങ്ങളും ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം.

ക്രിസ്തീയ മനഃസാക്ഷി

2. വ്യക്തമായ തീരുമാനമെടുക്കണം

- നന്മ – തിന്മകളെക്കുറിച്ച് അറിഞ്ഞാൽ മാത്രം പോരാ: നന്മ അനുസരിച്ച് പ്രവർത്തിക്കാൻ വ്യക്തമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യണം.
- ചെയ്യേണ്ട കാര്യത്തെ ശരിയായി വിലയിരുത്തി കൂടുതൽ നന്നെന്നു തോന്നുന്ന തീരുമാനം കൈക്കൊള്ളണം.

ക്രൈസ്തവീയ മനഃസാക്ഷി

3.സ്വാതന്ത്ര്യം സംരക്ഷിക്കണം

- മനഃസാക്ഷിയുടെ പ്രവർത്തനത്തിന് സ്വാതന്ത്ര്യം ആവശ്യമുണ്ട്. വ്യക്തിക്കുവേണ്ടി വ്യക്തി തന്നെയെടുക്കുന്ന തീരുമാനങ്ങളാണ് മനഃസാക്ഷിയുടെ തീരുമാനങ്ങൾ.

4. പരിശുദ്ധാത്മാവിന്റെ സഹായം തേടണം

- എല്ലാറ്റിനുമുപരി പരിശുദ്ധാത്മാവിന്റെ സഹായം തേടിക്കൊണ്ടുവേണം മനഃസാക്ഷി തീരുമാനങ്ങളെടുക്കേണ്ടത്.
- പ്രാർത്ഥനവഴിയാണ് പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കാനും ശക്തിനേടാനും നമുക്ക് സാധിക്കുന്നത്.

## ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിന് മാർഗ്ഗദർശകമായ ഘടകങ്ങൾ

1. ദൈവവചനം

❖ ദൈവവചനമാണ് ക്രിസ്ത്യാനിയുടെ മാർഗ്ഗദർശി. മനഃസാക്ഷി രൂപീകരണത്തിലും വചനാധിഷ്ഠിതമായ സമീപനമാണ് ക്രിസ്ത്യാനി അനുവർത്തിക്കേണ്ടത്.

❖ സങ്കീർത്തകൻ ഏറ്റുപറയുന്നതുപോലെ "അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്. "

ക്രിസ്തീയ മനഃസാക്ഷി

## 2. സഭാ പ്രബോധനങ്ങൾ

- സഭ ദൈവിക നിയമങ്ങളെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നത്. മുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും വെളിപ്പെടുന്ന ദൈവിക പദ്ധതിയെക്കുറിച്ച് വിചിന്തനം ചെയ്യാനുംപ്രബോധിപ്പിക്കാനും തിരുസഭ എല്ലായ്പ്പോഴും ഉത്സുകയാണ്.

3. പരിശുദ്ധാത്മാവിന്റെ പ്രചോദനം

- മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണായകശക്തി പരിശുദ്ധാത്മാവാണ്.
- മാമ്മോദീസായും തൈലാഭിഷേകവും വഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ചിട്ടുള്ള ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം മനഃസാക്ഷിയുടെ തീരുമാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേ സഹായമുണ്ടായിരിക്കും.

ക്രിസ്തീയ മനഃസാക്ഷി

- പരമ നന്മയായ ദൈവത്തിലെത്തിച്ചേരുകയാണ് മനുഷ്യന്റെആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യം പ്രാപിക്കത്തക്ക രീതിയിൽ ജീവിക്കാൻ മനഃസാക്ഷി നമ്മെ സഹായിക്കുകയാണ്. പ്രശ്നസങ്കീർണ്ണമായ ഇക്കാലത്ത് തിന്മ നന്മയായും നന്മ തിന്മയായും ചിത്രീകരിക്കപ്പെടാറുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ നന്മയേയും ക്രിസ്തീയദർശനങ്ങളേയും മുറുകെപ്പിടിച്ചു മുന്നേറാൻ ക്രിസ്തീയ മനഃസാക്ഷി നമ്മെ സഹായിക്കും.